കനാൽ അറ്റകുറ്റപ്പണി

138 (830) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുറ്റിയാടി ജലസേചനപദ്ധതിയിലെ കനാൽ തുറന്നുവിടുന്നതിന് ഈ വർഷം കാലതാമസം നേരിടാനുണ്ടായ കാരണം വ്യക്തമാക്കാമോ ;

(ബി) നടപ്പുവർഷം കനാൽ അറ്റകുറ്റപ്പണികൾക്ക് എത്ര രൂപ ലഭിച്ചെന്നും എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കാമോ ;

(സി) കനാൽ വെള്ളം നഷ്ടപ്പെട്ടുപോകാതിരിക്കാനായി വർഷാവർഷം ഉണ്ടാകുന്ന ചെലവഴിക്കുന്നതിനുപകരം കേടായ കനാൽ പാലങ്ങൾ പുതുക്കിപ്പണിയാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എല്ലാവർഷവും പ്രോജക്ട് അഡ്വൈസറി കമ്മിറ്റി കൂടിയാണ് കനാൽ തുറന്നുവിടുന്ന തീയതി തീരുമാനിക്കുന്നത്. ഈ വർഷം 20-1-2015-ന് കൂടിയ പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് 2015 ഫെബ്രുവരി 20-ാം തീയതി കനാൽ തുറന്നത്. ആയതിനാൽ കുറ്റ്യാടി ജലസേചന പദ്ധതിയിലെ കനാൽ തുറന്നുവിടുന്നതിന് ഈ വർഷം കാലതാമസം ഉണ്ടായിട്ടില്ല.

(ബി) നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് (2014-15) കനാൽ അറ്റകുറ്റപ്പണികൾക്കായി 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഡാമിന്റെ സംരക്ഷണത്തിനും കെട്ടിടത്തിന്റെ പരിപാലനത്തിനുമായി നീക്കിവച്ച തുക കിഴിച്ച് ബാക്കി 197.35 ലക്ഷം രൂപ കനാലിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ലഭ്യമായിട്ടുണ്ട്. ഇതുവരെയും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly